2026
JUNE
23
TUES DAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# പാസ്പോർട്ട് സേവാ കേന്ദ്ര മാതൃകയിൽ എംവിഡി സേവാ കേന്ദ്രങ്ങൾ
# സർവീസ് ചാർജ് കുത്തനെ ഉയരും

- തത്കാൽ പാസ്പോർട്ട് പോലെ, എംവിഡി സേവാ കേന്ദ്രയിൽ തത്കാൽ സേവനത്തിനും നിർദേശം
- കുടുംബശ്രീ ഇ സേവാ കേന്ദ്രങ്ങൾക്ക് തിരിച്ചടി

**കോഴിക്കോട്:** പാസ്പോർട്ട് സേവാ കേന്ദ്ര മാതൃകയിൽ എംവിഡി സേവാ കേന്ദ്രങ്ങൾ തുടങ്ങാനുള്ള മോട്ടർ വാഹന വകുപ്പിന്റെ നീക്കം അപേക്ഷകർക്കു തിരിച്ചടിയാകുമെന്ന് ആശങ്ക. സർവീസ് ചാർജ് കുത്തനെ ഉയരുമെന്നു മാത്രമല്ല, പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്നും വകുപ്പിലെ ജോലി സാധ്യത കുറയ്ക്കുമെന്നുമാണ് ആശങ്ക. പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ പൂർണമായി എംവിഡി സേവാകേന്ദ്രങ്ങളിലേക്കു മാറ്റാനുള്ള ട്രാൻസ്പോർട്ട് കമ്മിഷണറുടെ പദ്ധതി നിർദേശം ഗതാഗതവകുപ്പിന്റെ പരിഗണനയിലാണ്.





ഡ്രൈവിങ് ലൈസൻസ്, വാഹന റജിസ്ട്രേഷൻ, നികുതി, പെർമിറ്റ്, ഇ ചലാൻ, ഉപയോക്താക്കളുടെ പരാതി എന്നിവ സ്വകാര്യ മേഖലയുടെ സഹകരണത്തോടെ സ്ഥാപിക്കുന്ന സേവാ കേന്ദ്രങ്ങൾ വഴി നൽകുകയാണു ലക്ഷ്യം. നിലവിൽ ആർടി ഓഫിസുകളിൽ പോകാതെ തന്നെ അപേക്ഷകനു നേരിട്ടു ചെയ്യാവുന്ന, ആധാർ അധിഷ്ഠിത സേവനങ്ങളടക്കം സേവാ കേന്ദ്രങ്ങളിലേക്കു മാറ്റും. ഡ്രൈവിങ് ലൈസൻസ്, വാഹന ഉടമസ്ഥത മാറ്റൽ, ഹൈപ്പോത്തിക്കേഷൻ, ഹൈപ്പോത്തിക്കേഷൻ ഒഴിവാക്കൽ, പെർമിറ്റ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ആധാർ ബന്ധപ്പെടുത്തിയ മൊബൈൽ നമ്പർ വഴി നിലവിൽ അപേക്ഷകനു പരിവാഹൻ സൈറ്റിലൂടെ നേരിട്ടും അക്ഷയ കേന്ദ്രം വഴിയും ചെയ്യാം. ആധാറുമായി ബന്ധിപ്പിക്കാത്ത മൊബൈൽ നമ്പർ ആണ് ഉപയോഗിക്കുന്നതെങ്കിൽ മാത്രം അപേക്ഷകൻ ആർടി ഓഫിസിലെത്തിയാൽ മതി. പുതിയ പദ്ധതി നടപ്പായാൽ, എല്ലാ അപേക്ഷകരും നേരിട്ടു സേവാ കേന്ദ്രങ്ങളിലെത്തേണ്ടി വരും. ഫീസിനു പുറമേ സർവീസ് ചാർജും അടയ്ക്കേണ്ടി വരും.

തത്കാൽ പാസ്പോർട്ട് പോലെ, എംവിഡി സേവാ കേന്ദ്രയിൽ തത്കാൽ സേവനത്തിനും നിർദേശമുണ്ട്. ഇതിന് അധികം സർവീസ് ചാർജ് നൽകണം. നിലവിൽ ആർടി, സബ് ആർടി ഓഫിസുകളിൽ, ചെറിയ സർവീസ് ചാർജ് വാങ്ങി സേവനം നൽകുന്ന കുടുംബശ്രീ ഇ സേവാ കേന്ദ്രങ്ങളുണ്ട്. ഇവർക്കും പുതിയ പദ്ധതി തിരിച്ചടിയാകും.

ഡിജിറ്റൽ ടോക്കൺ, സെൽഫ് സർവീസ് കിയോസ്ക്, ഓൺലൈൻ പേയ്മെന്റ് സിസ്റ്റം, സിസിടിവി, പരാതി പരിഹാര കൗണ്ടറുകൾ, കാത്തിരിപ്പിനുള്ള സ്ഥലം തുടങ്ങിയ സൗകര്യങ്ങൾ സേവാ കേന്ദ്രത്തിൽ സ്വകാര്യ കമ്പനി ഒരുക്കണം. പൊതു–സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാമെന്നും അക്ഷയ കേന്ദ്രങ്ങളുമായും കംപ്യൂട്ടർ സർവീസ് കേന്ദ്രങ്ങളുമായും ഏകോപിപ്പിച്ചു കൊണ്ടുപോകാമെന്നും ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ തുടങ്ങാമെന്നും നിർദേശത്തിലുണ്ട്.

# ഐഎസ്ആർഒ: ഗ്രൗണ്ട് സ്റ്റേഷനുകൾ സ്വകാര്യമേഖലയ്ക്ക്; തെലങ്കാനയിലെ ഷാദ് നഗറിൽ 3 സ്വകാര്യ കമ്പനികൾക്ക് അനുമതി

**തിരുവനന്തപുരം:** വിക്ഷേപിച്ച ഉപഗ്രഹങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും വിവരങ്ങൾ ശേഖരിക്കാനുമുള്ള ഗ്രൗണ്ട് സ്റ്റേഷനുകൾ സ്വകാര്യമേഖലയ്ക്കു തുറന്നുകൊടുക്കാൻ ഒരുങ്ങി ഐഎസ്ആർഒ. ഉപഗ്രഹ സാങ്കേതികവിദ്യകളും കൈമാറും.



തെലങ്കാനയിലെ ഷാദ് നഗറിൽ ഐഎസ്ആർഒയുടെ നാഷനൽ റിമോട്ട് സെൻസിങ് സെന്റർ (എൻആർഎസ്സി) ക്യാംപസിലെ 9.15 ഏക്കറിലാണ് 3 സ്വകാര്യ കമ്പനികൾക്കു ഗ്രൗണ്ട് സ്റ്റേഷൻ നൽകുക. സ്വന്തം ആവശ്യത്തിനോ വാണിജ്യാടിസ്ഥാനത്തിൽ സേവനം നൽകാനോ ഗ്രൗണ്ട് സ്റ്റേഷൻ ഉപയോഗിക്കാം.

ഐഎസ്ആർഒയുടെ ടെലിമെട്രി ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്‌വർക് (ഇസ്ട്രാക്) ആണ് നിലവിലെ പ്രധാന ട്രാക്കിങ്, കമാൻഡ് ശൃംഖല. റോക്കറ്റ്, ഉപഗ്രഹ നിർമാണം, വിക്ഷേപണ സേവനങ്ങൾ എന്നിവയ്ക്കുശേഷം ഗ്രൗണ്ട് സ്റ്റേഷൻ കൂടി സ്വകാര്യമേഖലയ്ക്കു കൈമാറുന്നതോടെ ഗവേഷണ പ്രവർത്തനങ്ങളിൽ ഐഎസ്ആർഒ ശ്രദ്ധ കേന്ദ്രീകരിക്കും. സ്വകാര്യ ഗ്രൗണ്ട് സ്റ്റേഷൻ ശൃംഖല വളരുന്നതോടെ വിദേശസ്ഥാപനങ്ങളെ ആശ്രയിക്കുന്നതു കുറയ്ക്കാം.


ഇന്ത്യൻ ഉപഗ്രഹ കമ്പനികൾക്കും സ്റ്റാർട്ടപ്പുകൾക്കും പുതിയ അവസരങ്ങൾ തുറന്നുകിട്ടുമെന്നതാണു നേട്ടം. ഗ്രൗണ്ട് സ്റ്റേഷനു വലിയ നിക്ഷേപം വേണ്ടതിനാൽ വരുമാന സാധ്യതയ്ക്കു സമയമെടുക്കും. സ്പെക്ട്രം അനുവദിക്കൽ, സുരക്ഷാ അനുമതികൾ തുടങ്ങിയവയ്ക്കും സമയം വേണ്ടിവരും.

ഭ്രമണപഥത്തിലെ ഉപഗ്രഹങ്ങൾ ശേഖരിക്കുന്ന ചിത്രങ്ങളും വിവരങ്ങളും ഭൂമിയിലേക്കു സ്വീകരിക്കുക, ഉപഗ്രഹങ്ങളുടെ നില നിരീക്ഷിക്കുക, നിർദേശങ്ങൾ അയയ്ക്കുക, ഡേറ്റ സ്വീകരിക്കുക തുടങ്ങിയവയാണ് ഗ്രൗണ്ട് സ്റ്റേഷനുകളിൽ ചെയ്യുന്നത്.

കാലാവസ്ഥാ നിരീക്ഷണം, കൃഷി പഠനങ്ങൾ, ദുരന്തനിവാരണം, മാപ്പിങ്, പ്രതിരോധ ആവശ്യങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിൽ ഇവ നിർണായകമാണ്. 5 ജി മൊബൈൽ നെറ്റ്‌വർക്കിനു നിയന്ത്രണമുള്ളതിനാൽ ഷാദ് നഗറിൽ ഉയർന്ന ഫ്രീക്വൻസി ബാൻഡിലെ സിഗ്നൽ സ്വീകരിക്കാനാകും.

# മെഗാ ഐപിഒയുമായി ജിയോ പ്ലാറ്റ്ഫോംസ്: കരട് രേഖകൾ സെബിക്ക് സമർപ്പിക്കും

**ന്യൂഡൽഹി:** റിലയൻസ് ഇൻഡസ്ട്രീസിന്റെ ഡിജിറ്റൽ സർവീസ് വിഭാഗമായ ജിയോ പ്ലാറ്റ്ഫോംസ് പ്രാഥമിക ഓഹരി വിൽപ്പനയ്ക്കായുള്ള കരട് രേഖകൾ സമർപ്പിക്കും. റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 49ാമത് വാർഷിക പൊതുയോഗത്തിലാണ് കമ്പനി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മുകേഷ് അംബാനി പ്രഖ്യാപനം നടത്തിയത്.



ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ പെയ്ഡ്അപ്പ് ഇക്വിറ്റി ഷെയർ ക്യാപിറ്റലിന്റെ 66.43 ശതമാനം ഓഹരികളും റിലയൻസ് ഇൻഡസ്ട്രീസിന്റെ കൈവശമാണുള്ളത്. ബാക്കിയുള്ള 33.57 ശതമാനം ഓഹരികളിൽ 17.71 ശതമാനവും ആഗോള സാങ്കേതിക ഭീമന്മാരായ മെറ്റാ, ഗൂഗിൾ എന്നിവരുടെ പക്കലുമാണ്.

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിന് നൽകിയ ഔദ്യോഗിക വിവര പ്രകാരം, 10 രൂപ മുഖവിലയുള്ള 27 കോടി പുതിയ ഇക്വിറ്റി ഓഹരികളാണ് ജിയോ വിപണിയിൽ ഇറക്കുന്നത്. സെബിയുടെ നിബന്ധനകൾക്ക് വിധേയമായി 'ബുക്ക് ബിൽഡിംഗ്' പ്രക്രിയയിലൂടെയായിരിക്കും ഓഹരികളുടെ വില നിശ്ചയിക്കുക. ആവശ്യമായ നിയന്ത്രണ അനുമതികൾ ലഭിക്കുന്ന മുറയ്ക്കായിരിക്കും ഐപിഒ നടപടികൾ പൂർത്തിയാവുക.






# സംസ്കൃത സർവകലാശാലയിൽ ബി. എ. ബി. എഡ്; അവസാന തീയതി ജൂലൈ മൂന്ന്

**കൊച്ചി:** ശ്രീശങ്കരാചര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ആരംഭിക്കുന്ന നാല് വർഷ ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമായ ബി. എ ബി. എഡ്. പ്രോഗ്രാമിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായം, സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം എന്നീ വിഷയങ്ങളിലാണ് പ്രോഗ്രാമുകൾ. അമ്പത് ശതമാനം അഗ്രിഗേറ്റ് മാർക്കോടെ അല്ലെങ്കിൽ ഗ്രേഡോടെ പ്ലസ്!ടു അഥവ തത്തുല്യ പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കാം. സംവരണ വിഭാഗത്തിന് നിയമാനുസൃതമായ മാർക്ക് ഇളവുകൾ ലഭിക്കും. ദേശീയ പൊതു പ്രവേശന പരീക്ഷ (എൻ സി ഇ ടി) സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കണം. ഓരോ മേജർ വിഷയങ്ങൾക്കും പ്രത്യേകം അപേക്ഷകൾ നൽകണം. അപേക്ഷയുടെ ഹാർഡ് കോപ്പികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അതത് പഠന വിഭാഗം മേധാവികൾക്ക് പ്രവേശന സമയത്ത് ഹാജരാക്കിയാൽ മതിയാകും. ഓരോ മേജർ വിഷയങ്ങൾക്കും പ്രത്യേകം അപേക്ഷാ ഫീസ് അടയ്ക്കണം. 50/ രൂപയാണ് അപേക്ഷാഫീസ്. ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ മൂന്ന്. ജൂലൈ ഏഴിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. ജൂലൈ 16ന് ക്ലാസുകൾ ആരംഭിക്കും.

## നാല് വർഷ ബിരുദം/ബി. എഫ്. എ/ ഡിപ്ലോമ പ്രോഗ്രാമുകൾ ജൂലൈ ആറിന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചര്യ സംസ്കൃത സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ നാല് വർഷ ബിരുദം/ബി. എഫ്. എ./ ഡിപ്ലോമ പ്രോഗ്രാമുകളിലേയ്ക്കുള്ള ക്ലാസ്സുകൾ ജൂലൈ ആറിന് ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. നൃത്തം, സംഗീതം എന്നീ ബിരുദ പ്രോഗ്രാമുകളിലേയ്ക്കു് അപേക്ഷിച്ചവർക്കുള്ള അഭിരുചി പരീക്ഷയും, ഡിപ്ലോമ ഇൻ ആയുർവേദ പഞ്ചകർമ്മ ആൻഡ് ഇന്റർനാഷണൽ സ്പാ തെറാപ്പി പ്രോഗ്രാമിലേയ്ക്ക് അപേക്ഷിച്ചവർക്കുള്ള ശാരീരിക ക്ഷമത പരീക്ഷയും അഭിമുഖവും ജൂൺ 23, 24 തീയതികളിൽ നടക്കും. ബി. എഫ്. എ. പ്രോഗ്രാമിലേയ്ക്ക് അപേക്ഷിച്ചവർ ജൂൺ 24ന് അഭിരുചി പരീക്ഷയ്ക്ക് ഹാജരാകണം. ജൂൺ 29ന് അഡ്മിഷൻ ആരംഭിക്കും.




## അന്താരാഷ്ട്ര യോഗ ദിനാചരണം കുസാറ്റിൽ സംഘടിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നാഷണൽ സർവീസ് സ്കീം (ചടട) യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രജാപതി യോഗയുടെ സഹകരണത്തോടെ യോഗ പരിപാടി സംഘടിപ്പിച്ചു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി പരിപാടി ഉദ്ഘാടനം ചെയ്തു.

പരിപാടിയിൽ കളമശ്ശേരിയിലെ അഭയ വൃദ്ധസദനത്തിലെ അന്തേവാസികൾ, പ്രജാപതി യോഗയിലെ വിദ്യാർഥികൾ, കുസാറ്റ് എൻ.എസ്.എസ്. വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു.

## എൻഡിആർഎഫ് സ്കൂൾ സുരക്ഷാ പരിശീലനം സംഘടിപ്പിച്ചു

**വെച്ചൂച്ചിറ:** ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻഡിആർഎഫ്) സ്കൂൾ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട വെച്ചൂച്ചിറ ജവഹർ നവോദയ വിദ്യാലയത്തിൽ അടിയന്തര ദുരന്തനിവാരണ, രക്ഷാപ്രവർത്തന പരിശീലനം സംഘടിപ്പിച്ചു. അടിയന്തര ഘട്ടങ്ങളിലെ രക്ഷാപ്രവർത്തനം (എമർജൻസി റെസ്ക്യൂ), ബേസിക് ലൈഫ് സപ്പോർട്ട് എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. ദുരന്തമുഖങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, പ്രഥമശുശ്രൂഷകൾ, പരിക്കേറ്റവരെ സുരക്ഷിതമായി മാറ്റുന്നതിനുള്ള രീതികൾ എന്നിവ വിദ്യാർഥികൾക്കും ജീവനക്കാർക്കും പരിചയപ്പെടുത്തി.

533 വിദ്യാർഥികളും 27 അധ്യാപകരും ജീവനക്കാരും പരിശീലനത്തിൽ പങ്കെടുത്തു.



# കൊച്ചിൻ പോർട്ട് അതോറിറ്റി അന്താരാഷ്ട്ര യോഗദിനം2026 ആചരിച്ചു

**കൊച്ചി:** 2026ലെ അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച് കൊച്ചിൻ പോർട്ട് അതോറിറ്റി, വെല്ലിംഗ്ടൺ ഐലൻഡിലെ സാമുദ്രിക ഹാളിൽ, വിപുലമായ യോഗദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. 'ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ'എന്ന 2026ലെ അന്താരാഷ്ട്ര യോഗദിനപ്രമേയത്തെ അടിസ്ഥാനമാക്കിയാണ് പരിപാടികൾ അരങ്ങേറിയത്.

കൊച്ചിൻ പോർട്ട് അതോറിറ്റി മുൻ ചെയർപേഴ്സൺ ബി. കാശിവിശ്വനാഥൻ ചടങ്ങിൽ മുഖ്യാതിഥിയായി. ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യത്തിന് യോഗയുടെ പങ്കിനെ ഉയർത്തിക്കാട്ടിയ അദ്ദേഹം, നിത്യജീവിതത്തിൽ സന്തുലിതാവസ്ഥ നിലനിർത്താൻ യോഗയ്ക്ക് എത്രത്തോളം പ്രാധാന്യമാണുള്ളതെന്ന് ഓർമ്മിപ്പിച്ചു.

യോഗയെ ഒരു ആഗോള ക്ഷേമ പ്രസ്ഥാനമാക്കി മാറ്റുന്നതിൽ കേന്ദ്ര ഗവണ്മെന്റ് നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനമേകാൻ ഈ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജീവനക്കാരുടെ ആരോഗ്യസംരക്ഷണം, ക്ഷേമം, തൊഴിൽ സംസ്കാരം എന്നിവയോടുള്ള തുറമുഖത്തിന്റെ കൂട്ടായ പ്രതിജ്ഞാബദ്ധതയെ പ്രതിഫലിപ്പിക്കുന്ന പരിപാടിയിൽ കൊച്ചിൻ പോർട്ട് അതോറിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ സതീഷ് ഹൊന്നക്കട്ടെ, വിവിധ വകുപ്പ് മേധാവികൾ, മുതിർന്ന ഉദ്യോഗസ്ഥർ, ജീവനക്കാർ, സി.ഐ.എസ്.എഫ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പ്രശസ്ത യോഗ തെറാപ്പിസ്റ്റ് ഡോ. അശ്വതി വി. നായരുടെ നേതൃത്വത്തിൽ ജീവനക്കാർക്കായി പ്രത്യേക യോഗ സെഷൻ സംഘടിപ്പിച്ചു. ശാരീരികക്ഷമത, മാനസിക ഉന്മേഷം, സമഗ്രമായ ആരോഗ്യം എന്നിവ ലക്ഷ്യമിട്ട് നടത്തിയ സെഷനിൽ പങ്കെടുത്ത അംഗങ്ങൾ വിവിധ യോഗാസനങ്ങൾ, പ്രാണായാമം, ധ്യാനം എന്നിവയിൽ സജീവ പങ്കാളികളായി.

ജീവനക്കാർക്കിടയിൽ ആരോഗ്യകരമായ ജീവിതശൈലിയും ക്ഷേമപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ കൊച്ചിൻ പോർട്ട് അതോറിറ്റിക്കുള്ള പ്രതിജ്ഞാബദ്ധത ഊട്ടിയുറപ്പിക്കുന്നതായിരുന്നു ഈ വർഷത്തെ യോഗദിനാചരണ പരിപാടികൾ.

## എം.ജി. സർവ്വകലാശാലയിൽ അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന് തുടക്കം

**കോട്ടയം:** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര യോഗാ ദിനാചരണ പരിപാടികൾക്ക് തുടക്കം. സർവ്വകലാശാലയുടെ സെന്റർ ഫോർ യോഗ & നാച്ചുറോപതി, നാഷണൽ സർവീസ് സ്കീം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആരോഗ്യകരമായ വാർദ്ധക്യം യോഗയിലൂടെ എന്ന മുഖ്യ പ്രമേയത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.



ദിനാചരണത്തിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ എം.എൽ.എ. നാട്ടകം സുരേഷ് നിർവ്വഹിച്ചു. ആധുനിക കാലഘട്ടത്തിൽ മാനസികവും ശാരീരികവുമായ ആരോഗ്യം നിലനിർത്താൻ യോഗ മികച്ച മാർഗ്ഗമാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫാസ്റ്റ് ഫുഡ്ഡും ഉറക്കക്കുറവുമെല്ലാം ആരോഗ്യത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. മയക്കുമരുന്ന് നാം നേരിടുന്ന മറ്റൊരു വിപത്താണ്. ഇവയെ മറികടന്ന് നമ്മുടെ ശരീരത്തെ അതിന്റെ മികച്ച അവസ്ഥയിലേക്ക് എത്തിക്കാൻ യോഗ നമ്മെ സഹായിക്കും, അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡി. മാവൂതു അധ്യക്ഷത വഹിച്ചു. വാർദ്ധക്യത്തെ ഊർജ്ജസ്വലതയോടെ മുൻപോട്ട് കൊണ്ടുപോകാൻ യോഗയിലൂടെ സാധിക്കുമെന്ന വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ് ഈ വർഷത്തെ നമ്മുടെ പ്രമേയം മുന്നോട്ട് വെയ്ക്കുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു.

സർവ്വകലാശാല സെന്റർ ഫോർ യോഗ & നാച്ചുറോപതി അധ്യാപിക ആര്യ എബ്രഹാം അന്താരാഷ്ട്ര യോഗാ ദിന പ്രോട്ടോകോൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന സെഷനുകളിൽ റവ. ഫാ. ഡോ. കെ. എം. ജോർജ്, ചെയർപ്രൊഫസർ, പൗലോസ് മാർ ഗ്രിഗോറിയസ് ചെയർ, മഹാത്മാഗാന്ധി സർവ്വകലാശാല, ആരോഗ്യകരമായ വാർദ്ധക്യം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.

വാർദ്ധക്യകാല പ്രശ്നങ്ങളും യോഗാ പരിഹാരങ്ങളും എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ പ്രൊഫ. (ഡോ.) മാവൂതു, ഡോ. സുജാത കെ. , സെന്റർ ഫോർ യോഗ & നാച്ചുറോപതി), ഡോ. ടോംസ് എബ്രഹാം (ഫാക്കൽറ്റി, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിംഗ് & എക്സ്റ്റൻഷൻ), ആര്യ എബ്രഹാം, മാനസ് ജ്യോതി താലൂക്ദാർ (റിസർച്ച് സ്കോളർ, സെന്റർ ഫോർ യോഗ & നാച്ചുറോപതി) എന്നിവർ സംസാരിച്ചു.

ചടങ്ങിൽ സെന്റർ ഫോർ യോഗ & നാച്ചുറോപതി ഡയറക്ടർ ഡോ. സി. ആർ. ഹരിലക്ഷ്മീന്ദ്ര കുമാർ സ്വാഗതമാശംസിച്ചു. അർപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആനന്ദ് പഞ്ഞിക്കാരൻ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. (ഡോ.) റോബിനറ്റ് ജേക്കബ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. എം എസ് സി യോഗ വിദ്യാർത്ഥി കെ കെ വിജയൻ നന്ദി രേഖപ്പെടുത്തി.യോഗ വിദ്യാർത്ഥികൾ അവതരിപ്പിച്ച പ്രത്യേക യോഗാഭ്യാസ പ്രകടനങ്ങളോടെ ഒന്നാം ദിവസത്തെ പരിപാടികൾ സമാപിച്ചു.



# ഗവി ടൂറിസം പദ്ധതിയിൽ വൈവിധ്യവത്കരണവുമായി കെഎസ്ഇബി

**സീതത്തോട്:** ഗവി ടൂറിസം പദ്ധതിയുടെ ഭാഗമായി വൈവിധ്യവത്കരണ പ്രോജക്ടുകളുമായി കെഎസ്ഇബി പ്രവൃത്തികൾക്ക് ഉടൻ ഡിപിആർ തയാറാക്കുമെന്ന് കെ.യു. ജനീഷ് കുമാർ എംഎൽഎ അറിയിച്ചു. കെഎസ്ഇബി ചെയർമാൻ എ. രാജമാണിക്യത്തിന്റെ നേതൃത്വത്തിൽ പദ്ധതികൾ സംബന്ധിച്ചു ഉദ്യോഗസ്ഥ സംഘം സ്ഥലത്തു പരിശോധന നടത്തി. പിന്നീട് എംഎൽഎയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു.

സീതത്തോട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കെഎസ്ഇബിയുടെ സ്ഥലത്ത് വൈവിധ്യങ്ങളായ വിനോദസഞ്ചാര പ്രവൃത്തികളാണ് തയാറാകുന്നത്. കക്കാട് സ്പോർട്സ് ഹബ് ശ്രദ്ധേയമാകും. പവർ ഹൗസിനു സമീപത്തായി വോളിബോൾ, ബാഡ്മിൻറൺ, ഫുട്ബോൾ കോർട്ട് സജ്ജമാക്കും.

ഒരേസമയം വിവിധ ഇനങ്ങളിൽ ഗെയിംസ് നടത്താൻ കഴിയുമെന്നതിനു പുറമേ സുരക്ഷിതവും ഉന്നതനിലവാരത്തിലുള്ളതുമായ ഗ്രൗണ്ട് ഇതിനായി നിർമിക്കും. കാഴ്ചക്കാർക്ക് പ്രത്യേക ഇരിപ്പിടങ്ങൾക്ക് പുറമേ കുട്ടികളെയും യുവജനങ്ങളെയും കളിക്കളങ്ങളിൽ സജീവമാക്കാനും അന്തർദേശീയ മത്സരങ്ങൾ നടക്കുന്ന സ്ഥലമായും കക്കാട് സ്പോർട്സ് ഹബ്ബ് മാറും.

ബൊട്ടാണിക്കൽ ഗാർഡനും ടൂറിസത്തിന്റെ ഭാഗമാകും. വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട ചെടികൾ കൊണ്ട് നിറഞ്ഞ ബോട്ടാണിക്കൽ ഗാർഡനും അനുബന്ധമായ പാർക്കും നിലവിൽ ഉപയോഗശൂന്യമായി കാടുകയറി കിടക്കുന്ന സ്ഥലങ്ങളിൽ ആരംഭിക്കും. തൊഴിൽ സാധ്യതയ്ക്കു പുറമേ സഞ്ചരികളുടെ ശ്രദ്ധകേന്ദ്രവുമാകും.

ട്രൈബൽസിനു വേണ്ടി മൂഴിയാർ വനവാസി വിഭാഗങ്ങളിൽപ്പെട്ട ഗവി വനാന്തരങ്ങളിൽ അലഞ്ഞു നടക്കുന്ന ആളുകൾക്ക് താമസിക്കുന്നതിന് മൂഴിയാറിൽ നിർമിക്കുന്ന ഫ്ളാറ്റുകൾക്ക് ഭൂമി വിട്ടുകൊടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനും തീരുമാനിച്ചു.

വിവിധ പൊതുമരാമത്ത് റോഡുകളുടെ നിർമാണവുമായി ബന്ധപ്പെട്ടും ചിറ്റൂർകടവ് പാലം നിർമാണവുമായി ബന്ധപ്പെട്ടും തടസപ്പെട്ടു നിൽക്കുന്ന കെഎസ്ഇബിയുടെ പോസ്റ്റുകൾ ഒരാഴ്ചക്കുള്ളിൽ മാറ്റി സ്ഥാപിക്കും. സീതത്തോട് 220 കെവി സബ്സ്റ്റേഷന്റെ നിർമാണവുമായി ബന്ധപ്പെട്ട തടസങ്ങൾ നീക്കുന്നതിന് കെഎസ്ഇബി, വനം, റവന്യൂ വകുപ്പുകളുടെ ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കാനും തീരുമാനമായി.

ടൂറിസം കോട്ടേജുകൾ പദ്ധതിയിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ് കെഎസ്ഇബിയുടെ ഉപയോഗശൂന്യമായി കിടക്കുന്ന ക്വാർട്ടേഴ്സ്കൾ നന്നാക്കി ചെറിയ നിരക്കിൽ സഞ്ചരികൾക്ക് താമസിക്കുന്നതിനായി കൈമാറും.

ഹൈഡ്രൽ ടൂറിസത്തിന്റെ ഭാഗമായി മൂഴിയാർ, കക്കി, ആനത്തോട് അണക്കെട്ടുകളും ഉപയോഗിക്കും. ബോട്ടിംഗ് ഉൾപ്പെടെ യാഥാർഥ്യമാകുമ്പോൾ രാജ്യത്തെ ഏറ്റവും പ്രധാന ഹൈഡ്രൽ ടൂറിസമായി പദ്ധതി മാറും.

ടണലും കാടുകയറി കിടക്കുന്ന സ്ഥലവും ഉപയോഗശൂന്യമായ കെട്ടിടങ്ങളും ജലാസംഭരണികളും ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പഞ്ചായത്തും ടൂറിസം വകുപ്പുകൾ ചേർന്ന് തയാറാക്കും.

കെഎസ്ഇബിയുടെ സഹകരണത്തോടെ എംഎൽഎ യുടെ വിവിധ ഫണ്ടുകൾ ഉൾപ്പെടുത്തി പദ്ധതി യാഥാർഥ്യമാക്കും. കോന്നിയിലും ഗവിയിലുമായി എത്താൻ ആഗ്രഹിക്കുന്ന സഞ്ചാരികൾക്ക് ആകർഷണീയമായ ആക്ടിവിറ്റീസ് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

നിർമാണം പുരോഗമിക്കുന്ന എത്നോ ഹബ്ബ് കൂടി പൂർത്തീകരിക്കപ്പെടുമ്പോൾ സീതത്തോട് ഗവി രാജ്യത്തെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനാകും.

ആലോചനയോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറ് ലേഖ സുരേഷ്, കെഎസ്ഇബി ഡയറക്ടർ എം. പി. രാജൻ, വൈദ്യുതി, പഞ്ചായത്ത്, ടൂറിസം, പട്ടികവർഗ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.



ജെ ഡി മ്യൂസിക് ബാന്റ് ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംഗീത സന്ധ്യ ബിഷപ്പ് ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്യുന്നു.ഫാ. മാത്യൂ കോയിക്കര സി. എം. ഐ, ആദർശ് വത്സൻ, പൗളി വത്സൻ, ബെന്നി പി. നായരമ്പലം, ശ്രീനി ഞാറക്കൽ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ അനിൽ ഫിലിപ്പ് സി. എം ഐ, ഷാജി ജോർജ്, അനിൽ പ്ലാവിൻസ്, ഫാ. എമിൽ പുള്ളിക്കാട്ടിൽ സി,എം,ഐ, എന്നിവർ സമീപം.

# സംഗീതത്തിന് ഏറെ പ്രാധാന്യമുള്ള കാലഘട്ടമാണിത്: ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ

**കൊച്ചി:** സംഗീതം എല്ലാവരേയും ഒന്നിപ്പിക്കുന്നു, സംഘഗാനത്തിനും ഏറെ പ്രാധാന്യം എല്ലാ പ്രായക്കാരിലും ഇന്ന് ഉണ്ട് എന്നും ബിഷപ്പ് ആന്റണി വാലുങ്കൽ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിൽ ജെ ഡി മ്യൂസിക് ബാന്റ് ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംഗീത സന്ധ്യ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിഷപ്പ് . അദർശ് വൽസൺ, പിന്നണിയിൽ ബാലകൃഷ്ണ കമ്മത്ത് സംഘവും അണിനിരന്നു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ അനിൽ ഫിലിപ്പ് സി. എം ഐ.യുടെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ സെന്റ് ജോസഫ്സ് മൊണാസ്റ്ററി സുപ്പീരിയർ ഫാ. മാത്യൂ കോയിക്കര സി. എം. ഐ, ബിഷപ്പിനെ സ്വീകരിച്ചു. തിരക്കഥാകൃത്തും നടനുമായ ബെന്നി പി നായരമ്പലം, ഞാറക്കൽ ശ്രീനി, സംഗീത സംവിധായകൻ സുരേഷ് മണിമല, പൗളി വൽസൻ, അനിൽ പ്ലാവിൻസ്, ചാവറ കൾച്ചറൽ സെന്റർ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാ എമിൽ പുള്ളിക്കാട്ടിൽ സി എം ഐ , അനിൽ പ്ലാവിൻസ് എന്നിവർ പങ്കെടുത്തു. പൗളി വത്സനെയും, ആദർശിനെയും ബിഷപ്പ് ആന്റണി വാലുങ്കൽ ആദരിച്ചു.



# കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരും: മന്ത്രി റോജി എം. ജോൺ

**കയ്പമംഗലം:** കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാനാണു സർക്കാർ ലക്ഷ്യ മിടുന്നതെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ പറഞ്ഞു. സ്മാർട്ട് കയ്പമംഗലം പദ്ധതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഭിനന്ദനീയം 2026' ന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഉന്നത വിദ്യഭ്യാസ മേഖല വലിയ പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കാലഘട്ടമാണ്. ഈ സർക്കാർ ഏറ്റവും കൂടുതൽ ശ്രദ്ധകൊടുക്കാൻ പോകുന്ന മേഖല ഉന്നത വിദ്യാഭ്യാസമാണെന്ന് കഴിഞ്ഞ ദിവസത്തെ ബജറ്റ് പരി ശോധിച്ചാൽ മനസിലാകും. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ലഭ്യമാക്കുന്നതിനു സർക്കാർ പദ്ധതിയൊരുക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ നടത്തിയ പരിപാടിയിൽ സ്മാർട്ട് കയ്പമംഗലം ചെയർമാൻ ശോഭാസുബിൻ അധ്യക്ഷത വഹിച്ചു.

സൂര്യഭാരതി ഫൗണ്ടേഷൻ ചെയർമാൻ കെ.പി. മനോജ് കുമാറിനു കലാസംസ്കൃതി പുരസ്കാരവും ദാലിയ ഗ്രൂപ്പ് ചെയർമാൻ ഡോ. അബ്ദുള്ള ഹംസയ്ക്ക് പ്രവാസിഭാരതീയ പുരസ്കാരവും ചടങ്ങിൽ സമർപ്പിച്ചു. ദയ എക്സ്റ്റേണൽ ഡയറക്ടർ മുഹമ്മദ് ബഷീർ, അൻഷി ഗ്രൂപ്പ് ചെയർമാൻ ഷിമിൽ മോഹൻദാസ്, സോഷ്യൽ ആക്റ്റിവിസ്റ്റ് വി. ആർ.അനൂപ്, അഞ്ജലി ഷെമീർ തുടങ്ങിയവർ വിശിഷ്ടാതിഥികളായിരുന്നു.

ഗുജറാത്തിൽ ദേശീയ തലത്തിൽ നടന്ന ഭിന്നശേഷി വിദ്യാർഥികളുടെ 800 മീറ്റർ ഓട്ട മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കൂരിക്കുഴി സ്വദേശി അമേയ, നീന്തൽ മത്സരങ്ങളിൽ അഞ്ചു സ്വർണമെഡൽ നേടിയ ധനിഷ്ട ജിംജി, മിഴവഴക് പുരസ്കാരത്തിന് അർഹയായ എസ്എൻവി എൽപി സ്കൂളിലെ സന്ധ്യ ടീച്ചർ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ നിന്ന് ബിഎ എക്കണോമിക്സിൽ റാങ്ക് നേടിയ അൻജലി ഷെമീർ എന്നിവരെയും പൊതു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെയും കലാകായിക മത്സരങ്ങളിൽ വിജയം നേടിയവരെയും ചടങ്ങിൽ മന്ത്രി റോജി.എം. ജോൺ ആദരിച്ചു.

യുവ ക്ലബിന് സ്പോർട്സ് കിറ്റും സമ്മാനിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബീനാ സുരേന്ദ്രൻ, പഞ്ചായത്ത് മെമ്പർമാരായ സി.ജെ. പോൾസൺ, സുനിൽ. പി.മേനോൻ, സി.സി. ബാബുരാജ്, മജീദ് കയ്പമംഗലം, ഉണ്ണികൃഷ്ണൻ തൈപറമ്പത്ത്,യാമിനി ദിലീപ്, നിമ്മി പ്രവീൺ തുടങ്ങിയവർ പ്രസംഗിച്ചു. കെ.എ. അഫ്സൽ, പ്ര വിത ഉണ്ണികൃഷ്ണൻ, ലക്ഷ്മി ശാന്തൻ, ഉല്ലാസ്, നാസർ എന്നിവർ നേതൃത്വം നൽകി.

# ചന്ദർകുഞ്ജ് ഇരട്ട ടവർ പൊളിക്കൽ: പരിശോധനയ്ക്ക് വിദഗ്ധസംഘം എത്തി

**കൊച്ചി:** വൈറ്റില സിൽവർ സാൻഡ് ഐലൻഡിലെ ചന്ദർകുഞ്ജ് ഇരട്ട ടവർ പൊളിക്കുന്നതിന് മുന്നോടിയായി പരിശോധനകളും സാങ്കേതിക പരിശോധന പരീക്ഷണങ്ങളും നടത്താൻ മുംബൈ ആസ്ഥാനമായ എഡിഫൈസ് എൻജിനിയറിംഗിന്റെയും ദക്ഷിണാഫ്രിക്കൻ കമ്പനിയായ ജെറ്റ് ഡിമോളിഷന്റെയും പ്രതിനിധികൾ കൊച്ചിയിലെത്തി.

എഡിഫൈസ് എൻജിനിയറിംഗ് പാർട്ണർ ഉത്കർഷ് മെഹ്ത, ജെറ്റ് ഡിമോളിഷൻ ഓപ്പറേഷൻസ് മാനേജർ കെവിൻ സ്മിത്, ടെക്നീഷ്യൻ റോബർട്ട് ബ്രിങ്ക്മാൻ എന്നിവരടങ്ങിയ സംഘമാണ് പരിശോധനകൾക്കായി എത്തിയത്. മരടിലെ ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിച്ചുനീക്കിയതും എഡിഫൈസ് എൻജിനിയറിംഗാണ്. അന്ന് ജെറ്റ് ഡിമോളിഷൻ സാങ്കേതിക സഹകരണം നൽകിയിരുന്നു.



കെട്ടിടങ്ങളുടെ ഘടനാപരമായ ദൃഢത, ഭാരം താങ്ങാനുള്ള ശേഷി, കോൺക്രീറ്റിന്റെ ഗുണനിലവാരം, ഇരുമ്പ് കമ്പികളുടെ അവസ്ഥ, കെട്ടിടങ്ങളുടെ മൊത്തത്തിലുള്ള സ്വഭാവം എന്നിവയാണ് ഇപ്പോൾ പരിശോധിക്കുന്നതെന്ന് ഉത്കർഷ് മെഹ്ത പറഞ്ഞു. കരാർ പ്രകാരം ആറു മാസത്തിനകം ടവറുകൾ പൊളിച്ചുനീക്കണം.

നിലവിലെ പരിശോധനയിലൂടെ ടവറുകളുടെ ഘടനാപരമായ ഭാഗങ്ങൾക്ക് സംഭവിച്ചിട്ടുള്ള കേടുപാടുകളുടെ വ്യാപ്തി നിർണയിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. രണ്ട് ദിവസത്തെ പഠനത്തിനും പരിശോധനകൾക്കുമായി റസിഡൻറ്സ് വെൽഫെയർ അസോസിയേഷന്റെ (ആർഡബ്ല്യുഎ) പൂർണ സഹകരണം ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നിർമാണരീതിയിലും ഘടനാപരമായ രൂപകൽപ്പനയിലും മരടിലെ കെട്ടിടങ്ങളിൽ നിന്ന് ചന്ദർകുഞ്ജ് ടവറുകൾ വ്യത്യസ്തമാണെങ്കിലും സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുള്ള ഇംപ്ലോഷൻ സാങ്കേതിക വിദ്യയിലൂടെയായിരിക്കും പൊളിക്കൽ നടത്തുകയെന്ന് ഉത്കർഷ് മെഹ്ത വ്യക്തമാക്കി. സമീപത്തെ ഫ്ളാറ്റ് സമുച്ചയങ്ങൾക്കും കൊച്ചി മെട്രോ റെയിൽ പാതയ്ക്കും യാതൊരു ഭീഷണിയും ഉണ്ടാകില്ലെന്നും അവ ടവറുകളിൽ നിന്ന് 50 മീറ്ററിലേറെ അകലെയാണെന്നും അദ്ദേഹം പറഞ്ഞു.

ഒൻപത് മീറ്റർ മാത്രം അകലെയുള്ള കെട്ടിടങ്ങൾക്കുപോലും കേടുപാടുകൾ സംഭവിക്കാതെയുള്ള സമാന പദ്ധതികൾ വിജയകരമായി നടപ്പാക്കിയ അനുഭവം കമ്പനിക്കുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 26 നിലകൾ വീതമുള്ള ചന്ദർകുഞ്ജ് ഇരട്ട ടവറുകൾ ആർമി വെൽഫെയർ ഹൗസിംഗ് ഓർഗനൈസേഷനാണ് (എഡബ്ല്യുഎച്ച് ഒ) നിർമിച്ചത്. 204 ഫ്ളാറ്റുകളുള്ള സമുച്ചയത്തിൽ വിരമിച്ച സൈനികരുടെ 152 കുടുംബങ്ങളാണ് താമസിച്ചിരുന്നത്.



# നെൽക്കർഷകരെ ആശങ്കയിലാക്കി മഴക്കുറവ്

**സുൽത്താൻബത്തേരി:** കാലവർഷം ആരംഭിച്ചിട്ടും ജില്ലയിലെ പല പ്രദേശങ്ങളിലും കാര്യമായ മഴ ലഭിക്കാത്തത് നെൽക്കർഷകരെ പ്രതിസന്ധിയിലാക്കുന്നു. സാധാരണ ജൂണിൽ വിത്തേറും നടീൽ പ്രവർത്തനങ്ങളും സജീവമാകുന്ന പ്രദേശങ്ങളിൽ ഇത്തവണ മഴയുടെ കുറവ് കൃഷിയെ ബാധിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ലഭിച്ച നേരിയ മഴയെ ആശ്രയിച്ച് ചിലയിടങ്ങളിൽ വയൽ ഒരുക്കൽ പുരോഗമിക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം പ്രദേശങ്ങളിലും കർഷകർ മതിയായ ജലലഭ്യതയ്ക്ക് കാത്തിരിക്കുകയാണ്.

ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ കർഷകർ പമ്പ് സെറ്റുകളും മറ്റ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി വിത്തിടൽ ആരംഭിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ജൂണിൽ പല പ്രദേശങ്ങളിലും നടീൽ പൂർത്തിയായിരുന്നതായി കർഷകർ പറയുന്നു. ഇത്തവണ കൃഷിയിറക്കൽ മൂന്നാഴ്ച മുതൽ ഒരു മാസം വരെ വൈകുമെന്നാണ് അവരുടെ ആശങ്ക. കാലവർഷം ഉടൻ ശക്തിപ്പെടുമെന്ന പ്രതീക്ഷയിലാണ് കർഷക സമൂഹം.

## സെൻസസ് 2027: എറണാകുളം ജില്ലയിൽ 32,102 പേർ സെൽഫ് എന്യൂമറേഷൻ നടത്തി

**കാക്കനാട്:** 2027ലെ ഡിജിറ്റൽ സെൻസസിൻറെ ഭാഗമായുള്ള സെൽഫ് ഇന്യൂമറേഷനിൽ ഇതുവരെ 32,102 പേർ ലോഗിൻ ചെയ്തതായി കണക്കുകൾ. ശനിയാഴ്ച വരെയുള്ള ഔദ്യോഗിക കണക്കുകളിൽ ഇവരിൽ 27,872 പേരുടെ സെൽഫ് ഇന്യൂമറേഷൻ പൂർത്തീകരിച്ചു.

ശേഷിക്കുന്ന 4,230 പേരുടെ നടപടികൾ പുരോഗമിക്കുകയാണെന്നും എഡിഎം കെ. മനോജ് അറിയിച്ചു. സെൻസസ് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും ബോധവത്കരണത്തിനുമായി തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും നിർദേശം നൽകിയതായും അദ്ദേഹം പറഞ്ഞു.

റസിഡൻറ്സ് അസോസിയേഷനുകൾ, ക്ലബുകൾ തുടങ്ങിയ പ്രാദേശിക കൂട്ടായ്മകളിൽ ബോധവത്കരണം ശക്തമാക്കാനാണ് നിർദേശം. ജില്ലയിലെ വിവിധ കോളജുകൾ കേന്ദ്രീകരിച്ച് വിപുലമായ പ്രചാരണ പരിപാടികളും സെൻസസ് ക്വിസുകളും സംഘടിപ്പിച്ച് പദ്ധതി വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തുടരുമെന്ന് അധികൃതർ അറിയിച്ചു.

## ക്രൈസ്റ്റ് കോളജ് ഓഫ് എൻജിനീയറിംഗിൽ എംസിഎ, ബിടെക് വിഎൽഎസ്ഐ കോഴ്സുകൾക്ക് അംഗീകാരം

**ഇരിങ്ങാലക്കുട:** പന്ത്രണ്ടാം വർഷത്തിലേക്ക് കടക്കുന്ന ക്രൈസ്റ്റ് എൻജിനീയറിംഗ് കോളജിൽ പുതിയ യുജി, പിജി കോഴ്സുകൾ ആരംഭിക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുടെയും അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെയും അംഗീകാരം.

ബിടെക് ഇലക്ട്രോണിക്സ് എൻജിനീയറിംഗ് (വിഎൽഎസ്ഐ ഡിസൈൻ ആൻഡ് ടെക്നോളജി), മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എംസിഎ) എന്നീ പ്രോഗ്രാമുകളാണ് ഈ അധ്യയനവർഷം പുതിയതായി ആരംഭിക്കുന്നത്. ഇതോടെ കോളജിൽ എട്ട് പ്രോഗ്രാമുകളിലായി ആകെ ബിടെക് ബാച്ചുകളുടെ എണ്ണം പതിനൊന്നായി ഉയരും.

സിവിൽ, കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡേറ്റാ സയൻസ്), കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റംസ്, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, മെക്കാനിക്കൽ എന്നീ ബിടെക് പ്രോഗ്രാമുകൾക്കു പുറമെയാണ് പുതിയവ ആരംഭിക്കുന്നത്. എംടെക് കമ്പ്യൂട്ടർ സയൻസ്, എംടെക് സ്ട്രക്ചറൽ എൻജിനീയറിംഗ് ആൻഡ് കൺസ്ട്രക്ഷൻ മാനേജ്മെൻറ്, എംബിഎ, എംസിഎ എന്നിങ്ങനെ ആകെ പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമുകളുടെ എണ്ണം നാലാകും.

## മുല്ലപ്പെരിയാറിൽ പുതിയ ഡാം മുഖ്യമന്ത്രിയെയും അമിത്ഷായെയും കാണും

**തൊടുപുഴ:** മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് കേരളത്തിനുണ്ടാകുന്ന തുടർച്ചയായ തിരിച്ചടിക്ക് പരിഹാരം കാണാനും പുതിയ ഡാം നിർമിക്കണമെന്നാവശ്യപ്പെട്ടും മുഖ്യമന്ത്രി വി.ഡി. സതീശനെയും കേന്ദ്ര മന്ത്രി അമിത് ഷായെയും നേരിട്ടുകണ്ട് നിലവിലെ അപകടാവസ്ഥ ബോധ്യപ്പെടുത്താൻ മുല്ലപ്പെരിയാർ ജനസംരക്ഷണ സമിതി തീരുമാനിച്ചു. സംസ്ഥാനത്തിന്റെ വാദം കൃത്യമായി അവതരിപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഉണ്ടാകുന്നത്.

ദേശീയ ഡാം സുരക്ഷ അഥോറിറ്റിയെ അണക്കെട്ടിന്റെ സംരക്ഷണ ചുമതല ഏൽപ്പിച്ച് കേന്ദ്രസർക്കാരിന്റെ ഉത്തരവ് ഉണ്ടായെങ്കിലും അണക്കെട്ടിന്റെ സുരക്ഷാ പരിശോധന നടത്താൻ തമിഴ്നാട് സഹകരിക്കാതെ എതിർപ്പുയർത്തുകയാണ്. ജലനിരപ്പ് 152 അടിയായി ഉയർത്താൻ തമിഴ്നാട് ശ്രമിക്കുമ്പോഴും ഡാമിന്റെ കാലപ്പഴക്കവും അപകടാവസ്ഥയും കേന്ദ്ര സമിതികളെ ബോധ്യപ്പെടുത്തുന്നതിൽ സംസ്ഥാനം പരാജയപ്പെടുകയാണ്.

കേന്ദ്ര മേൽനോട്ട സമിതിയുടെ തീരുമാനപ്രകാരം ഡാമിന്റെ സുരക്ഷാ പരിശോധന നടത്താനുള്ള സംഘത്തിൽ സംസ്ഥാനം തീരുമാനിച്ച വിദഗ്ധനെ ഒഴിവാക്കിയത് സംസ്ഥാനത്തിന്റെ അധികാരത്തിൽ മേലുള്ള കടന്നുകയറ്റമാണ്.

മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താത്പര്യം സംരക്ഷിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി.ഡി. സതീശനെയും 40 ലക്ഷം പേരുടെ ജീവനു ഭീഷണിയായി നിൽക്കുന്ന അണക്കെട്ടിന്റെ അപകടാവസ്ഥ നേരിട്ട് ബോധ്യപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അടിയന്തര ഇടപെടൽ ഉറപ്പാക്കുവാനായി കേന്ദ്ര ആഭ്യന്തരവകുപ്പ് മന്ത്രി അമിത്ഷായേയും നേരിൽക്കണ്ട് നിലവിലെ അപകടാവസ്ഥ ബോധ്യപ്പെടുത്തുമെന്ന് സമിതി ചെയർമാൻ അഡ്വ. റോയ് വാരികാട്ടും ജനറൽ കൺവീനർ പി.ടി. ശ്രീകുമാറും പിആർഒ ഷിബു കെ. തമ്പിയും പറഞ്ഞു.

ബിസിനസ് ലോകം

# എച്ച്സിഎൽടെക് ഗ്രാന്റിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഗ്രാമീണ ഇന്ത്യയിലെ സുസ്ഥിര വികസന പദ്ധതികൾക്ക് പിന്തുണ നൽകുന്നതിനായി എച്ച്സിഎൽ ഫൗണ്ടേഷൻ എച്ച്സിഎൽടെക് ഗ്രാന്റിന്റെ 12ാം പതിപ്പിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. ജലം, ജൈവവൈവിധ്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പദ്ധതികൾക്കായി ആകെ 24 കോടി രൂപയാണ് അനുവദിക്കുക. നാല് വിഭാഗങ്ങളിലായി തിരഞ്ഞെടുക്കപ്പെടുന്ന നാല് എൻജിഒകൾക്ക് അഞ്ച് കോടി രൂപ വീതവും എട്ട് എൻജിഒകൾക്ക് 50 ലക്ഷം രൂപ വീതവും ധനസഹായം ലഭിക്കും. അപേക്ഷകൾ ജൂൺ 30 വരെ സ്വീകരിക്കും. ഇതുവരെ എച്ച്സിഎൽടെക് ഗ്രാന്റിലൂടെ 203 കോടിയിലധികം രൂപ വിവിധ പദ്ധതികൾക്കായി അനുവദിച്ചതായി എച്ച്സിഎൽ ഫൗണ്ടേഷൻ അറിയിച്ചു.

## എൻആർഐകൾക്കായി എഫ്സിഎൻആർ നിക്ഷേപ പലിശ ഉയർത്തി ബന്ധൻ ബാങ്ക്

**കൊച്ചി:** പ്രവാസി ഇന്ത്യൻ ഉപഭോക്താക്കൾക്കായി എഫ്സിഎൻആർ (ബി) നിക്ഷേപ പദ്ധതികളുടെ പലിശ നിരക്ക് ബന്ധൻ ബാങ്ക് വർധിപ്പിച്ചു. മൂന്ന് മുതൽ അഞ്ച് വർഷം വരെയുള്ള കാലാവധിയിലുള്ള 10 ലക്ഷം ഡോളറിന് മുകളിലുള്ള നിക്ഷേപങ്ങൾക്ക് 7.1 ശതമാനവും 10 ലക്ഷം ഡോളർ വരെയുള്ള നിക്ഷേപങ്ങൾക്ക് 7 ശതമാനവും പലിശ ലഭിക്കും. ദീർഘകാലത്തേക്ക് സ്ഥിരവും മത്സരാധിഷ്ഠിതവുമായ വരുമാനം ഉറപ്പാക്കുന്നതിനൊപ്പം രൂപയുടെ മൂല്യത്തകർച്ച മൂലമുള്ള വിനിമയ നിരക്ക് അപകടസാധ്യത കുറയ്ക്കാനും പദ്ധതി സഹായിക്കുമെന്ന് ബാങ്ക് അറിയിച്ചു. റിസർവ് ബാങ്കിന്റെ പുതിയ ഫോറെക്സ് സ്വാപ്പ് സൗകര്യത്തിന് പിന്നാലെയാണ് പ്രത്യേക ഓഫർ പ്രഖ്യാപിച്ചത്.

## ക്രോംപ്ടൺ ഹൗസ് വയറിങ് രംഗത്തേക്ക്; ക്രോംപ്ടൺ ആർമർ വിപണിയിൽ




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഉപഭോക്തൃ ഇലക്ട്രിക്കൽ ബ്രാൻഡുകളിലൊന്നായ ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് വീടുകൾക്കുള്ള വയറിങ് വിപണിയിലേക്ക് പ്രവേശിച്ചു. 85 വർഷത്തെ വിശ്വസനീയമായ എഞ്ചിനീയറിങ് പാരമ്പര്യമുള്ള കമ്പനി, ക്രോംപ്ടൺ ആർമർ എന്ന പേരിലാണ് പുതിയ ഹൗസ് വയറുകൾ വിപണിയിലെത്തിച്ചിരിക്കുന്നത്. രാജ്യത്ത് അതിവേഗം വളരുന്ന ഗാർഹിക വയറിംഗ് മേഖലയിലെ വലിയ വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് കമ്പനിയുടെ ലക്ഷ്യം. ഏകദേശം 1.25 ലക്ഷം കോടി രൂപ മൂല്യമുള്ള കേബിൾവയർ വിപണിയിൽ ശക്തമായ സാന്നിധ്യമാകാൻ സൗത്ത്ഫസ്റ്റ് ഗോടുമാർക്കറ്റ് പദ്ധതിയാണ് ക്രോംപ്ടൺ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ തങ്ങളുടെ ശക്തമായ വിതരണ ശൃംഖല കമ്പനി പ്രയോജനപ്പെടുത്തും. പ്രീമിയം ഉൽപ്പന്നങ്ങൾ, ഉപഭോക്തൃ കേന്ദ്രീകൃതമായ നൂതനത്വം, വ്യാപാരികളുമായുള്ള ആഴത്തിലുള്ള സമ്പർക്കം എന്നിവ അടിസ്ഥാനമാക്കിയുള്ള ക്രോംപ്ടൺ 2.0 തന്ത്രത്തിലൂടെ ദേശീയ തലത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് മുമ്പ് ദക്ഷിണേന്ത്യയിൽ ശക്തമായ അടിത്തറയൊരുക്കാനാണ് കമ്പനി തീരുമാനം. നിലവിൽ 50 കോടിയിലധികം വീടുകളിൽ സാന്നിധ്യമുള്ള ബ്രാൻഡിന്റെ വിശ്വാസ്യത പുതിയ മേഖലയിലും കമ്പനിക്ക് തുണയാകും. ആധുനിക വീടുകളുടെ ഉയർന്ന വൈദ്യുതി ആവശ്യങ്ങളും സുരക്ഷയും മുൻനിർത്തിയാണ് ആർമർ വയറുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. 99.9%ലധികം ശുദ്ധമായ ചെമ്പ് ഉപയോഗിക്കുന്നതിനാൽ കാര്യക്ഷമമായ വൈദ്യുതി പ്രവാഹം സാധ്യമാകും. ഉയർന്ന താപനിലയിലും മികച്ച രീതിയിൽ പ്രവർത്തിക്കാൻ ശേഷിയുള്ളതും 10% കൂടുതൽ ചെമ്പ് അടങ്ങിയതുമായ ആർമർ അൾട്ര ആണ് ഇതിലെ പ്രീമിയം വകഭേദം. ഇലക്ട്രീഷ്യന്മാർക്കായി ഉൽപ്പന്ന വിവരങ്ങളും ആനുകൂല്യങ്ങളും നൽകുന്ന ക്രോംപ്ടൺ സാത്തി മൊബൈൽ ആപ്പും കമ്പനി ഇതോടൊപ്പം അവതരിപ്പിച്ചിട്ടുണ്ട്.




# ആലപ്പുഴയെ ബ്ലൂ ഇക്കോണമിയുടെ തലസ്ഥാനമാക്കും

**ആലപ്പുഴ:** രാജ്യത്തെ ബ്ലൂ ഇക്കോണമിയുടെ തലസ്ഥാനമായി ആലപ്പുഴയെ മാറ്റുമെന്നും ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളെ കൂട്ടിയിണക്കി ദേശീയ പ്രാധാന്യമുള്ള ദക്ഷിണ കേരള സാമ്പത്തിക ഇടനാഴി സൃഷ്ടിക്കുമെന്നുള്ള ബജറ്റ് പ്രഖ്യാപനം ജില്ലയുടെ വ്യവസായ കുതിപ്പിനു സഹായകമാകും. കൃഷിയും മത്സ്യബന്ധനവും ജീവനോപാധിയാക്കിയ ജില്ലയ്ക്ക് സംസ്ഥാനത്തിന്റെ വ്യാവസായിക ഭൂപടത്തിലേക്കു പതിറ്റാണ്ടുകൾക്കു ശേഷമുള്ള ചുവടുവയ്പാകും ഈ പ്രഖ്യാപനമെന്നാണു പ്രതീക്ഷ. പ്രാഥമിക നടപടികൾക്കായി 3 ജില്ലകൾക്കും കൂടി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കടൽ, കായൽ, നദികൾ തുടങ്ങിയവ ഉപയോഗിച്ചു സാമ്പത്തികവളർച്ചയും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന വികസന മാതൃകയാണ് ബ്ലൂ ഇക്കോണമി. മത്സ്യബന്ധനം, മത്സ്യക്കൃഷി, മത്സ്യോൽപാദന അനുബന്ധ വ്യവസായങ്ങൾ എന്നിവ ഇതിലെ പ്രധാന ഘടകമാണെന്നതു മത്സ്യത്തൊഴിലാളികൾക്കു പ്രതീക്ഷ നൽകുന്നു. തീരദേശ വിനോദസഞ്ചാരം, കപ്പൽ ഗതാഗതം, സമുദ്രാധിഷ്ഠിത ഊർജ ഉൽപാദനം എന്നിവയും ബ്ലൂ ഇക്കോണമിയിലെ പ്രധാന ഘടകങ്ങളാണ്. വാട്ടർ സ്പോർട്സും ക്രൂസ് ടൂറിസവും ഉൾപ്പെടെ തീരദേശവും കായലുകളും കേന്ദ്രീകരിച്ചുള്ള കൂടുതൽ വിനോദസഞ്ചാരപദ്ധതികൾ ആലപ്പുഴയിലേക്കെത്തിയേക്കും.

സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതിയായ മിഷൻ സമുദ്രയുടെ ഭാഗമായുള്ള പദ്ധതികളുടെ നേട്ടങ്ങളും ബ്ലൂ ഇക്കോണമിയുടെ തലസ്ഥാനം എന്ന നിലയിൽ ആലപ്പുഴയിലെത്തുമെന്നാണു പ്രതീക്ഷ. ബ്ലൂ ഇക്കോണമിയിലെ പ്രധാന ഘടകമായ കടൽമാർഗമുള്ള ചരക്കുഗതാഗതം മിഷൻ സമുദ്രയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

പരിസ്ഥിതിക്കു ദോഷം വരാതെയുള്ള സുസ്ഥിര വികസനമാണു ബ്ലൂ ഇക്കോണമിയുടെ അടിസ്ഥാനമെന്നതിനാൽ സമുദ്ര പരിസ്ഥിതിയും ജൈവവൈവിധ്യവും സംരക്ഷിക്കപ്പെടും. അതേസമയം ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ചു മത്സ്യത്തൊഴിലാളി സംഘടനകൾക്ക് ആശങ്കയുണ്ട്.



# വയനാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിച്ച് തുരങ്കപ്പാത

**കൽപറ്റ:** വയനാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിച്ചു തുരങ്കപ്പാത പദ്ധതിയുമായി സംസ്ഥാന സർക്കാർ. വയനാട് മേപ്പാടി ചൂരൽമലയിൽനിന്നു മലപ്പുറം ജില്ലയിലെ നിലമ്പൂർ പോത്തുകല്ല് വരെ വിഭാവനം ചെയ്യുന്ന പുതിയ റോഡിനെ ബന്ധിപ്പിച്ചാണു വനമേഖലയിൽ 2 കിലോമീറ്റർ തുരങ്കം. 2500 കോടി രൂപ ചെലവാകുമെന്നു കണക്കാക്കുന്ന പോത്തുകല്ല്-ചൂരൽമല തുരങ്കപ്പാത പദ്ധതിക്കായി ബജറ്റിൽ ടോക്കൺ തുക വകയിരുത്തി. വയനാട് അതിർത്തിയായ അരണപ്പുഴ മുതൽ മലപ്പുറം മുണ്ടേരി വരെ പഴയ കൂപ്പ് റോഡ് നിലവിലുണ്ട്. ചൂരൽമലയിൽ ഉരുൾപൊട്ടലിൽ തകർന്ന പാലം നന്നാക്കാനുൾപ്പെടെ റീബിൽഡ് ചൂരൽമല' പദ്ധതിയിൽപെടുത്തി കഴിഞ്ഞ സർക്കാർ 33.96 കോടി രൂപയുടെ ടെൻഡർ അംഗീകരിച്ചിരുന്നു. 9 കോടി രൂപ ചെലവിൽ ബിഎം ആൻഡ് ബിസി നിലവാരത്തിൽ ചൂരൽമല മുതൽ അട്ടമല വരെ 2.5 കിലോമീറ്റർ ദൂരത്തിൽ റോഡ് നവീകരണവും പൂർത്തിയാക്കി. വനഭൂമിയിലെ തടസ്സങ്ങൾക്കൂടി ഇല്ലാതാക്കി പദ്ധതി യാഥാർഥ്യമായാൽ വയനാടിന്റെ ഗതാഗത പ്രതിസന്ധിക്ക് പരിഹാരമാകും. നിലവിൽ മേപ്പാടിയിൽനിന്നു നിലമ്പൂരിലെത്താൻ 102 കിലോമീറ്റർ ചുറ്റിക്കറങ്ങണം. തുരങ്കപ്പാത യാഥാർഥ്യമായാൽ ഈ ദൂരം 48 കിലോമീറ്റർ ആയി കുറയും. ബെംഗളുരുവിൽനിന്നു കൊച്ചിയിലേക്കുള്ള ദൂരത്തിൽ 70 കിലോമീറ്റർ കുറവുണ്ടാകും. ടൂറിസം മേഖലയിൽ പുത്തനുണർവേകും. വിഴിഞ്ഞം, വല്ലാർപാടം ചരക്കുനീക്കവും എളുപ്പമാകും. വെറും 12 കിലോമീറ്റർ പുതിയ റോഡ് പണിതാൽ രണ്ടു ജില്ലകളെയും എളുപ്പത്തിൽ ബന്ധിപ്പിക്കാം. ഇതിൽ 4 കിലോമീറ്റർ കൃഷിവകുപ്പിനു കീഴിലുള്ള മുണ്ടേരി ഫാമിലൂടെയാണു കടന്നുപോകുന്നത്. വനംവകുപ്പിന്റെ കീഴിലുള്ള ശേഷിക്കുന്ന ഭൂമിയിലാണു തുരങ്കം വരിക. എലിവേറ്റഡ് ഹൈവേയും പരിഗണനയിലുണ്ട്. വനംവകുപ്പിന്റെ നിഷേധാത്മക സമീപനത്താലാണ് ചൂരൽമല,പോത്തുകല്ല് പാത പദ്ധതി നടത്തിപ്പു പലപ്പോഴും തടസ്സപ്പെട്ടതെന്ന് മന്ത്രിപറഞ്ഞു.




# നവി മുംബൈ വിമാനത്താവളത്തിൽ നിന്നും ആദ്യ അന്താരാഷ്ട്ര വിമാന സർവീസിന് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** മഹാരാഷ്ട്രയിലെ പുതിയ നവി മുംബൈ വിമാനത്താവളത്തിൽ നിന്നും ആദ്യ അന്താരാഷ്ട്ര സർവീസ് ആരംഭിക്കുന്ന വിമാന കമ്പനിയായി എയർ ഇന്ത്യ എക്സ്പ്രസ്. ജൂലൈ 15 മുതൽ അബുദാബി നവി മുംബൈ സെക്ടറിലാണ് വിമാന സർവീസ് ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ ആഴ്ചയിൽ രണ്ടും ജൂലൈ 29 മുതൽ ആഴ്ചയിൽ മൂന്നും വീതം വിമാന സർവീസുകൾ ഉണ്ടാവും. എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റ്, മൊബൈൽ ആപ്പ്, മറ്റ് ബുക്കിംഗ് ചാനലുകൾ വഴി ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 5:45ന് അബുദാബിയിൽ നിന്നും രാവിലെ 2:55ന് നവി മുംബൈയിൽ നിന്നും ആയിരിക്കും വിമാന സർവീസുകൾ. ജൂലൈ 29 മുതൽ ഞായറാഴ്ചകളിലും സർവീസുകൾ ഉണ്ടാകും. അബുദാബിക്ക് പുറമേ ആഴ്ച തോറും 30 വിമാന സർവീസുകളാണ് ഈ പുതിയ നവി മുംബൈ വിമാനത്താവളത്തിൽ നിന്നും എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്.

മുംബൈയിൽ നിന്ന് ആഴ്ചതോറും 95ഉം പൂനയിൽ നിന്ന് 100ലധികവും നാഗ്പൂരിൽ നിന്ന് 14ഉം വിമാന സർവീസുകളുമായി എയർ ഇന്ത്യ എക്സ്പ്രസ് മഹാരാഷ്ട്രയിലെ തങ്ങളുടെ സാന്നിധ്യം വർധിപ്പിക്കുകയാണ്. ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുഎഇ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് ഇന്ത്യയിൽ നിന്നും വിമാന സർവീസുകളുള്ള ഏറ്റവും വലിയ വിമാന കമ്പനികൾ ഒന്നും എയർ ഇന്ത്യ എക്സ്പ്രസ് ആണ്.

എയർ ഇന്ത്യ എക്സ്പ്രസിന്റെ സുഖപ്രദമായ സീറ്റുകൾ, ഭക്ഷണം, ഇന്ത്യൻ ആതിഥ്യ മര്യാദയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുള്ള മികച്ച സേവനം തുടങ്ങിയവ കാണിക്കുന്ന എക്സ്പ്രസ് വാലി ബാത് ഹെ ക്യാമ്പയിൻ അടുത്തിടെ എയർ ഇന്ത്യ എക്സ്പ്രസ് പുറത്തിറക്കിയിരുന്നു. ബോളിവുഡ് താരം പങ്കജ് ത്രിപാഠി മുഖ്യവേഷത്തിൽ എത്തുന്ന ഈ ക്യാമ്പയിൻ ഇതിനകം 300 മില്യണിലധികം കാഴ്ചക്കാരുമായി മുന്നേറുകയാണ്.



# സുഗന്ധവ്യഞ്ജന സംഭരണം വേഗത്തിലാക്കാൻ വ്യാപാരികൾ

**കൊച്ചി:** യുഎസ്യൂറോപ്യൻ രാജ്യങ്ങൾ ക്രിസ്മസ് ന്യൂ ഇയർ ആവശ്യങ്ങൾക്കുള്ള കുരുമുളക് സംഭരണത്തിനു രാജ്യാന്തര സുഗന്ധവ്യഞ്ജന വിപണിയിൽ. മഴയുടെ വരവ് മുന്നിൽക്കണ്ട് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ചുക്കിൽ പിടിമുറുക്കാം. രാജ്യാന്തര റബർ അവധിയിൽ നിക്ഷേപകർ ലാഭമെടുപ്പിന് ഉത്സാഹിച്ചത് ബാങ്കോക്ക് അടക്കമുള്ള വിപണികളിൽ ഷീറ്റ് വിലയിൽ ചാഞ്ചാട്ടമുളവാക്കി. പശ്ചിമേഷ്യൻ സംഘർഷാവസ്ഥയ്ക്ക് അയവ് കണ്ടത് നേട്ടമാക്കാനുള്ള നീക്കത്തിലാണു തമിഴ്നാട്ടിലെ കൊപ്രയാട്ട് വ്യവസായികൾ.

യൂറോപ്പിലെയും അമേരിക്കയിലെയും വൻകിട സുഗന്ധവ്യഞ്ജന ഇറക്കുമതി സ്ഥാപനങ്ങൾ ക്രിസ്മസ് വരെയുള്ള ആവശ്യങ്ങൾ മുൻനിർത്തി കുരുമുളകിനു പുതിയ കരാറുകൾ ഉറപ്പിക്കാൻ നീക്കം തുടങ്ങി. മധ്യപൂർവേഷ്യൻ സംഘർഷാവസ്ഥയ്ക്ക് അയവ് വന്നത് കപ്പൽ ഗതാഗതം കൂടുതൽ സുഗമമാക്കുന്നതു കയറ്റുമതി രാജ്യങ്ങൾക്കും നേട്ടമാവും. മുൻനിര ഉത്പാദക രാജ്യങ്ങളിൽ ചരക്ക് സ്റ്റോക്ക് പരിമിതമാണ്. കാലാവസ്ഥ വ്യതിയാനങ്ങൾ നിമിത്തം ഇന്ത്യയിലും വിളവ് ചുരുങ്ങിയതിനാൽ കാർഷിക മേഖലകളിൽ മുളകിൻറെ നീക്കിയിരിപ്പ് ചുരുങ്ങി.

ആഗോള കുരുമുളക് വിപണിയിൽ പിന്നിട്ടവാരം പൊതുവേ സന്തുലിതമായ പ്രവണതയാണു ദൃശ്യമായത്. മുൻനിര കുരുമുളക് ഉത്പാദക രാജ്യങ്ങളിലെ നാണയങ്ങൾ യുഎസ് ഡോളറിനു മുന്നിൽ മികവ് കാണിച്ചത് ആഭ്യന്തര വിപണികൾക്ക് പിന്തുണ പകർന്നതു വിദേശ വ്യാപാര സാഹചര്യം ഒരുക്കുന്നു. ഇന്ത്യൻ മാർക്കറ്റും താരതമ്യേന സ്ഥിരത നിലനിർത്തി.

ഉത്തരേന്ത്യൻ ആവശ്യകത തുടരുന്നതും കാർഷിക മേഖല വരുത്തിയ ചരക്ക് നീക്ക നിയന്ത്രണങ്ങളും ഉത്പന്നത്തിനു പിന്തുണ പകരും. ഇറക്കുമതി ലോബി വിദേശ ചരക്ക് എത്തിക്കാൻ ശ്രമം നടത്തുന്നുണ്ട്, എന്തായാലും ആഭ്യന്തര വില ഉയരുമെന്ന വിശ്വാസം തന്നെയാണ് ഇറക്കുമതിയിലേക്ക് അവരെ ആകർഷിക്കുന്നത്. മുന്നിലുള്ള ഉത്സവ സീസണിൽ ബംപർ കച്ചവടം ഉത്തരേന്ത്യൻ വ്യവസായികൾ കണക്കുകൂട്ടുന്നു.



# വിഗാർഡ് ദേശീയസംസ്ഥാനതല അവാർഡുകൾ ജെപ്സ് ഗ്രൂപ്പിന്

**കൊച്ചി:** ഇലക്ട്രിക്കൽ, സൗരോർജ ഉപകരണ നിർമതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസിന്റെ ദേശീയസംസ്ഥാനതല പുരസ്കാര നേട്ടവുമായി ജെപ്സ് ഗ്രൂപ്പ്. ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമായുള്ള മൂന്ന് പുരസ്കാരങ്ങൾക്കാണു ജെപ്സ് ഗ്രൂപ്പ് അർഹമായത്.

ദേശീയതലത്തിൽ മികച്ച സോളാർ ഉപകരണ വിതരണക്കാർക്കുള്ള രണ്ടാം സ്ഥാനവും സംസ്ഥാന തലത്തിൽ മികച്ച ഡീലർ പുരസ്കാരം, ഡിസ്ട്രിബ്യൂട്ടർ പുരസ്കാരം എന്നിവയാണ് ജെപ്സ് ഗ്രൂപ്പിനു ലഭിച്ചത്. വിഗാർഡ് നാഷണൽ പ്രൊഡക്ട് ഹെഡ് മണിക്കുട്ടനിൽനിന്നു ജെപ്സ് ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ സി.വി. നിധീഷ് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

വിഗാർഡ് കേരള പ്രൊഡക്ട് ഇൻചാർജ് വിനീത്, സെയിൽസ് ഓഫീസർ ശ്രീകാന്ത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സുസ്ഥിര ഊർജ മേഖലയിലെ ജെപ്സ് ഗ്രൂപ്പിൻറെ മികച്ച പ്രവർത്തനങ്ങൾക്കും വിപണിയിലെ നേതൃപാടവത്തിനുമുള്ള അംഗീകാരമാണ് ഈ അംഗീകാരങ്ങളെന്ന് എംഡി സി.വി. നിധീഷ് പറഞ്ഞു.

കമ്പനിയുടെ ജീവനക്കാർ, ഡീലർമാർ, മറ്റ് പങ്കാളികൾ എന്നിവരുടെ കഠിനാധ്വാനത്തിൻറെയും കൂട്ടായ്മയുടെയും വിജയമാണ് ഈ നേട്ടങ്ങൾക്കു പിന്നിലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മിൽമയുടെ പേരിൽ വ്യാജസന്ദേശം

**തിരുവനന്തപുരം:** സാമൂഹ്യ മാധ്യമങ്ങളിൽ മിൽമയുടെ വാർഷികാഘോഷ സമ്മാനം എന്ന പേരിൽ പ്രചരിക്കുന്ന വാട്സ്ആപ്പ് സന്ദേശം/ ലിങ്ക് വ്യാജമാണെന്ന് മിൽമ അധികൃതർ അറിയിച്ചു.

വാട്സ്ആപ്പ് വഴി പ്രചരിക്കുന്ന ലിങ്ക് ക്ലിക്ക് ചെയ്തു വിവരങ്ങൾ നൽകിയ വ്യക്തികൾക്ക് അക്കൗണ്ടിലെ പണം നഷ്ടപ്പെട്ടതായി മിൽമയ്ക്കു പരാതി ലഭിച്ചിരുന്നു.

46 വർഷത്തെ പാരമ്പര്യമുള്ള മിൽമയുടെ പ്രശസ്തിക്കും വിശ്വാസ്യതയ്ക്കും കളങ്കമുണ്ടാക്കുന്ന രീതിയിൽ തെറ്റിദ്ധാരണ പരത്തുന്ന വാട്സ്ആപ്പ് സന്ദേശം/ലിങ്ക് സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യാൻ നിയമനടപടി സ്വീകരിക്കുമെന്ന് മിൽമ അറിയിച്ചു. ഇതു സംബന്ധിച്ച പരാതി മിൽമ അധികൃതർ പോലീസിന് കൈമാറിയിട്ടുണ്ട്.

# ഓക്സിജൻ കരമന ഷോറൂം പ്രവർത്തനം ആരംഭിച്ചു

**തിരുവനന്തപുരം:** ഓക്സിജൻ ദി ഡിജിറ്റൽ എക്സ്പേർട്ടിന്റെ തിരുവനന്തപുരം കരമനയിലെ പുതിയ ഷോറൂമിന്റെ ഉദ്ഘാടനവും ആദ്യവില്പനയും മന്ത്രി സി.പി. ജോൺ നിർവഹിച്ചു.

വി.ശിവൻകുട്ടി, കോർപറേഷൻ കൗൺസിലർ കെ.എസ്. ശബരീനാഥൻ, ബിജെപി ജില്ലാ പ്രസിഡൻറ് കരമന ജയൻ, തിരുവിതാംകൂർ രാജകുടുംബാംഗം അവിട്ടം തിരുനാൾ ആദിത്യവർമ, കൗൺസിലർ ടി.കെ. രഞ്ജിത്ത്, ഓക്സിജൻ സിഇഒ ഷിജോ കെ.തോമസ് തുടങ്ങിയവർ പങ്കെടുത്തു.

ഓക്സിജന്റെ 46ാമത്തെ ഷോറൂമാണ് കരമന കിള്ളിപ്പാലം പിആർഎസ് ജംഗ്ഷന് സമീപം പ്രവർത്തനമാരംഭിച്ചത്. ഉദ്ഘാടനത്തോടനുബന്ധിച്ചു വൻ തിരക്കാണ് ഷോറൂമിൽ അനുഭവപ്പെട്ടത്. ഉപയോക്താക്കൾക്കായി പ്രത്യേക ഓഫറുകളും വിലക്കുറവും ഏർപ്പെടുത്തിയിട്ടുണ്ട്.

ടിവി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ഗൃഹോപകരണങ്ങൾ, ഗാഡ്ജെറ്റുകൾ, എസി, റെഫ്രിജറേറ്റർ, കൂളർ, ഇൻവെർട്ടർ, ഇൻവെർട്ടർ ബാറ്ററികൾ തുടങ്ങിയവയുടെ കളക്ഷനാണു ഷോറൂമിൽ ഒരുക്കിയിരിക്കുന്നത്.

ഗൃഹോപകരണങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ സ്വന്തമാക്കാൻ അവസരമുണ്ട്. ലോകോത്തര ബ്രാൻഡുകളുടെ സ്മാർട്ട് ഫോണുകൾ, ലാപ്ടോപ്പുകൾ, ഡിജിറ്റൽ ഗാഡ്ജറ്റുകൾ എന്നിവയുടെ വലിയ ശൃഖലയും ഷോറൂമിലുണ്ട്.

മൊബൈൽ ഫോണുകൾ കുറഞ്ഞ തവണ വ്യവസ്ഥയിൽ ഓഫറിൽ ഉപയോക്താക്കൾക്ക് സ്വന്തമാക്കാം. ഡിസ്പ്ലേ കേടായ ലാപ്ടോപ്പുകൾക്കും മൊബൈൽ ഫോണുകൾക്കും സർവീസിനുശേഷം ഒരു വർഷത്തെ സൗജന്യ വൺ ടൈം റീപ്ലെയ്സ്മെൻറ് ഓഫറും ഉപയോക്താക്കൾക്ക് നൽകുന്നു. വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പസൗകര്യവും ലഭ്യമാണ്. 9020100100.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com